## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല - തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 7950/- (ഏഴായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

**സ.ഉ (സാധാ)നം.1987/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി. 16/09/2019**

---

പരാമർശം:- 1) ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27/02/2016 ലെ എ 1-2606/16 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 31/08/2016 ലെ എം3-25647/16 നമ്പർ കത്ത്.
3) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 31/03/2017 ലെ കെ.എസ്.എ.1411/ പിറ്റി3/2016 നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ 2012-13 വർഷത്തെ വികസന പദ്ധതിയിലുൾപ്പെടുത്തി നരിക്കോട്ട്മല ഗവ: എൽ.പി. സ്കൂളിലേയ്ക്ക് പഠനാവശ്യത്തിനായി ഡിജിറ്റൽ ക്യാമറ വാങ്ങിയതിന് ചെലവഴിച്ച 7950/- രൂപ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ, തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു.

**2.** വിദ്യാഭ്യാസപരമായും സാമൂഹികമായും വളരെ പിന്നോക്ക അവസ്ഥയിലുള്ള നരിക്കോട്ട്മല വാർഡിലാണ് പഞ്ചായത്തിലെ ഏക സർക്കാർ സ്കൂളായ നരിക്കോട്ട്മല ഗവ: എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. പ്രസ്തുത സ്കൂളിൽ പഠനാവശ്യത്തിന് ഡോക്യുമെന്ററി തയ്യാറാക്കാനായി 7950/- രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച് ഒരു ഡിജിറ്റൽ ക്യാമറ വാങ്ങുകയുണ്ടായി. ഈ നടപടി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാലാണ് ഓഡിറ്റിൽ തുക തടസ്സപ്പെടുത്തിയത്. നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് സ്കൂളുകൾക്ക് ഫർണിച്ചർ വാങ്ങുന്നതിനായി വിനിയോഗിക്കാമെന്നുള്ളതിനാലും പഞ്ചായത്തിന്റെ പൊതുതാൽപര്യം കണക്കിലെടുത്തുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്നുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ പരിഗണിച്ച് 7950/- രൂപയുടെ ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. കൂടാതെ ഓഡിറ്റ്

തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണ് എന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുമുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ് ഡിജിറ്റൽ ക്യാമറ വാങ്ങിയതെങ്കിലും ഇക്കാര്യത്തിലുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശിപാർശ, പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശ എന്നിവ പരിഗണിച്ച്, കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 7950/- (ഏഴായിരത്തി തൊള്ളായിരത്തി അൻപത് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**